# മൂസാഖാൻ സാഹിബിന്റെ സ്മരണയെ നിലനിറുത്തുക; മൂസികളാകുക

കഴിഞ്ഞ 20, 22 വർഷത്തിനുള്ളിൽ അഹ്മദിയ്യാ ജമാഅത്തിൽപെട്ട ഒരുപാടാളുകൾ ഈ രാജ്യത്ത് വന്നിട്ടുണ്ട്. ഇത് മറ്റുരാജ്യങ്ങളിലേക്കു പോയതുവെച്ചുനോക്കുമ്പോൾ അത്ര വലിയതല്ല. എങ്കിലും എടുത്തുപറയത്തക്കവിധത്തിൽ അഹ്മദികൾ ഇവിടെവന്നു. പക്ഷേ, ഈ രാജ്യത്ത് അഹ്മദിയ്യത്തിന് ആരംഭം കുറിച്ചത് നിങ്ങൾ ഇവിടെ വന്നതോടെയല്ല. ഇവിടെത്തെ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം 20, 22 വർഷത്തേതല്ല. ചിലർക്ക് ഇതിനെക്കുറിച്ച് അറിവുണ്ടാകുകയില്ല. ഇവിടെ അഹ്മദിയ്യത്ത് വന്നത് 1903–ൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുതന്നെയാണ്. ഹസ്റത്ത് സൂഫീ മൂസാഖാൻ സാഹിബിന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. അതായത്, ഇവിടെ അഹ്മദിയ്യത്തിന്റെ ചെടി മുളച്ചിട്ട് നൂറു വർഷം പിന്നിട്ടിരിക്കുകയാണ്. അക്കാലത്ത് അഹ്മദിയ്യത്ത് സ്വീകരിച്ച ആ മഹാത്മാവിന് ഹസ്റത്ത് മസീഹ് മൗഊദ്(അ) അയച്ച കത്തിൽ പറഞ്ഞ കാര്യങ്ങൾ ഇന്നും ഓരോ അഹ്മദിക്കും വഴികാട്ടിയാണ്. നിങ്ങൾ ഈ നിർദ്ദേശങ്ങൾ പാലിക്കുകയാണെങ്കിൽ, ഈ രാജ്യത്ത് വസിച്ചുകൊണ്ട് നിങ്ങൾ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുമ്പോൾ, ആ ബന്ധം അല്ലാഹുവിന്റെ സ്നേഹത്തെ ആകർഷിച്ചെടുക്കുന്ന ബന്ധമായിത്തീരുന്നതാണ്. ആ ബന്ധം കാരണത്താൽ അല്ലാഹു തന്റെ ദാസന്റെ എല്ലാ കാര്യങ്ങളും ഗൗനിക്കുന്നതായിരിക്കും. ദാസൻ ഉറങ്ങുമ്പോൾ അല്ലാഹു അവനുവേണ്ടി ഉണർന്നിരിക്കുന്നു. ദാസൻ ശത്രുക്കളാൽ വലയംചെയ്യപ്പെടുമ്പോൾ അല്ലാഹു അവനെ രക്ഷിക്കുന്നു. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് തന്റെ ദാസന്റെ എല്ലാ കാര്യങ്ങളും നിർവഹിച്ചുകൊടുക്കുന്നു. ദാസൻ ചിന്തിക്കാത്ത വഴിയിലൂടെ അവന്റെ എല്ലാ ആഗ്രഹങ്ങളും അല്ലാഹു പൂർത്തിയാക്കിക്കൊടുക്കുന്നു. തന്റെ ശക്തിയെക്കുറിച്ച് അല്ലാഹു നമ്മോടു പറഞ്ഞിട്ടുള്ളത് വിശുദ്ധഖുർആനിൽ മാത്രം അല്ല. അത് ആരും അനുഭവിച്ചറിഞ്ഞിട്ടില്ലാത്തതുമല്ല. അല്ലാഹുവിന്റെ നിഷ്ക്കളങ്കരായ ദാസന്മാർ ഇക്കാര്യം അനുഭവിച്ചറിഞ്ഞിട്ടുള്ളവരാണ്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിൽ നമുക്കിതിന് പല ഉദാഹരണങ്ങൾ കാണാം. ഈ ദുൻയാവിലെ അനുഗ്രഹങ്ങളോടൊപ്പം, അല്ലാഹുവിലേക്ക് കുനിയുന്ന ദാസന്മാർ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഇക്കാര്യം സ്വയം മനസ്സിലാക്കുന്നു. അത്തരമാളുകൾക്ക് ഈ ലോകത്തുനിന്നുപോയതിനുശേഷം അല്ലാഹു ശാശ്വതമായ സ്വർഗ്ഗം ഉണ്ടെന്നതിനെക്കുറിച്ച് സുവാർത്ത അറിയിക്കുന്നു. ഞാൻ പറഞ്ഞ ഈ മഹാത്മാവിനേയും, അതായത് സൂഫീ മൂസാഖാൻ സാഹിബിനേയും അദ്ദേഹത്തിന്റെ ശുഭപര്യവസാനത്തെക്കുറിച്ച് അല്ലാഹു ഇൽഹാമിലൂടെ അറിയിച്ചിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എല്ലാ വാദങ്ങളിലും പൂർണ്ണമായ വിശ്വാസവും, തന്റെ കർമ്മങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് വാർത്തെടുത്തതുകൊണ്ടുമാണ് അല്ലാഹു ഈ സുവാർത്ത അദ്ദേഹത്തിന് നല്കിയിട്ടുണ്ടാകുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) കത്തിലൂടെ അദ്ദേഹത്തെ അറിയിച്ചതുപ്രകാരമാണ് അദ്ദേഹം ജീവിച്ചത്. അല്ലാഹുവിലുള്ള ഈ തികവുറ്റതും പരിപൂർണ്ണവുമായ വിശ്വാസം, നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ അദ്ധ്യാപനങ്ങൾ അനുസരിച്ചുകൊണ്ടുള്ള പ്രവർത്തനം, തീർച്ചയായും ഇഹപരലോകത്തെ അനുഗ്രഹത്തിന് അർഹരാക്കിത്തീർക്കുന്നതാണ്. നാം ഇന്ന് ഈ അനുഗ്രഹങ്ങൾക്ക് ദൈവസന്നിധിയിൽ കുമ്പിട്ടുകൊണ്ട്, സ്വന്തം ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കേണ്ടതായി വരും; എപ്പോഴും അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിരിക്കാൻ വേണ്ടി. ഹസ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ്(റ) ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് വേണ്ടി ഹസ്റത്ത് സൂഫീ സാഹിബിനെഴുതിയ ആ ഉപദേശങ്ങൾ നിങ്ങളെ കേൾപ്പിക്കുകയാണ്. അവിടന്നെഴുതി. ഒന്നാമതാ

യി, താങ്കളുടെ ബയ്അത്ത് സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇനി താങ്കൾ നിസ്കാരത്തെ അണിയിച്ചൊരുക്കി അനുഷ്ഠിക്കുക. നിസ്കാരം കൂടാതെ ഒരു മുഅ്മിൻ മുഅ്മിനാകുകയില്ല. അത്ര അടിസ്ഥാനപരമായ കാര്യമാണ് നിസ്കാരം. എങ്ങനെയാണ് നിസ്കരിക്കേണ്ടത്? അതിനെ അണിയിച്ചൊരുക്കി അനുഷ്ഠിക്കേണ്ടതാണ്. എത്രയുംവേഗം ഭൗതിക കാര്യങ്ങളിൽ മുഴുകണം എന്ന ചിന്തയോടെ വേഗത്തിൽ വേഗത്തിൽ നിസ്കരിക്കരുത്." നിസ്കാരം ഭംഗിയാക്കി നിർവഹിക്കണമെങ്കിൽ, അതിൽ ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിവരും. ഒന്നാമതായി, നിസ്കരിക്കുന്നതിനു മുമ്പേ ശാരീരികശുദ്ധി വരുത്തുകയും അലസതയും മടിയും അകറ്റുകയും ചെയ്യുക എന്നതാണ്. അതുകൊണ്ടാണ് വുളു ചെയ്ത് നിസ്കരിക്കുക എന്നു കല്പിച്ചിട്ടുള്ളത്. നിസ്കാരത്തിലേക്ക് വേണ്ടുംവിധം ശ്രദ്ധ ചെലുത്താത്ത വീടുകളിലുള്ള കുട്ടികളിൽ, അവരുടെ കുട്ടിക്കാലത്തു മാത്രമല്ല യുവത്വത്തിലും അതിനുശേഷവും നിസ്കാരത്തിലേക്ക് തീരെ ശ്രദ്ധയില്ലാത്തതായി കാണുന്നുണ്ട്. ഏതെങ്കിലും സുഹൃത്തുമായി അവർ പള്ളിയിൽ വന്നാൽത്തന്നെ, വുളു ഉണ്ടോ ഇല്ലേ എന്നൊന്നും നോക്കാതെ, നിസ്കാരം നടക്കുകയാണെങ്കിൽ അതിനോടൊപ്പം ചേർന്നു നിസ്കരിക്കുന്നു. വാസ്തവത്തിൽ ബാഹ്യവും ആന്തരികവുമായ ശുചിത്വത്തിന് വുളു അഥവാ ക്ഷാളനം വളരെ നിർബന്ധമാണ്. നിസ്കാരത്തെ ഭംഗിയാക്കി നിസ്കരിക്കുക എന്ന കല്പനയ്ക്കുള്ള ആദ്യ നിബന്ധനയാണിത്. വിശുദ്ധഖുർആനിൽ വ്യക്തമായ നിലയിൽ തന്നെ ഇതിനെക്കുറിച്ച് നിർദ്ദേശമുണ്ട്. അല്ലാഹു പറയുന്നു:

*യാ അയ്യുഹല്ലദീനആമനൂ ഇദാ ഖുംതും ഇലസ്സ്വലാത്തി ഫഗ്സിലൂ വുജൂഹക്കും വ അയ്ദിയക്കും ഇലൽമറാഫിഖി.*

വിശ്വാസികളേ, നിങ്ങൾ നിസ്കാരത്തിന്നൊരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങളും മുട്ടുകൾവരെ കൈകളും കഴുകുക. തല തടവുകയും നെരിയാണി ഉൾപ്പെടെ കാലുകൾ കഴുകുകയും ചെയ്യുക. (*5:7*)

ഈ കല്പനയിൽനിന്ന് മനസ്സിലാകുന്നത് വെള്ളം ലഭ്യമാണെങ്കിൽ വുളു എടുക്കൽ നിർബന്ധമാണെന്നാണ്. ഇത് ശുചിത്വത്തിന് അനിവാര്യമാണെന്നതുപോലെതന്നെ, നിസ്കാരത്തിൽ ശ്രദ്ധ ഉണ്ടാകുന്നതിനും ഉണർവുണ്ടാകുന്നതിനും അനിവാര്യമാണ്. വുളു ചെയ്യുന്നതുകൊണ്ട്, നിസ്കാരത്തിനു മുമ്പേതന്നെ 'താൻ' അല്ലാഹുവിന്റെ തിരുസന്നിധിയിൽ പോകുകയാണെന്ന വിചാരം മനുഷ്യനുണ്ടാകുന്നു. ഭൗതികകെട്ടുപാടുകളിൽനിന്ന് ഒഴിഞ്ഞ് അല്ലാഹുവിന്റെ ദർബാറിൽ ഹാജരാകാൻ പോകുന്നു എന്ന ബോധമുണ്ടാകുന്നു. ഇങ്ങനെ പരിശുദ്ധരായിക്കൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ ഹാജരാകാൻ ശ്രമിക്കേണ്ടതാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "മുസ്ലിമും മുഅ്മിനുമായ ദാസൻ വുളു ചെയ്യുന്ന അവസരത്തിൽ തന്റെ മുഖം കഴുകുമ്പോൾ വെള്ളത്തിന്റെ അവസാനതുള്ളി ഇറ്റുവീഴുന്നതോടെ അവന്റെ കണ്ണുകൾ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും കഴുകപ്പെടുന്നു. പിന്നീട് അവൻ തന്റെ രണ്ട് കൈകൾ കഴുകുമ്പോൾ, അവസാനതുള്ളി വെള്ളം ഇറ്റുവീഴുന്നതോടെ അവന്റെ രണ്ട് കൈകൾ ചെയ്തിട്ടുള്ള എല്ലാ തെറ്റുകളും കഴുകപ്പെടുന്നു. അങ്ങനെ അവൻ പാപങ്ങളിൽനിന്ന് പരിശുദ്ധനായി പുറത്തുവന്നു. പിന്നീട് അവൻ കാലുകൾ കഴുകുമ്പോൾ, ആ കാലുകൾ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും കാലിലെ അവസാനതുള്ളിവെള്ളം ഇറ്റുവീഴുന്നതോടെ ഇല്ലാതാകുന്നു. അങ്ങനെ അവൻ പാപങ്ങളിൽനിന്ന് പരിശുദ്ധനായി പുറത്തുവന്നു."

ഇതാണ് വുളുവിന്റെ പ്രാധാന്യം. പക്ഷേ, അറിഞ്ഞുകൊണ്ട് തെറ്റു ചെയ്തുകൊണ്ടേയിരുന്നാലും, ദുർന്നോട്ടം നടത്തിക്കൊണ്ടിരുന്നാലും, മറ്റുളളവരുടെ അവകാശങ്ങൾ ധ്വംസിച്ചുകൊണ്ടിരുന്നാലും, സ്വാർത്ഥലാഭത്തിനായി മറ്റുള്ളവരെ വഞ്ചിച്ചുകൊണ്ടിരുന്നാലും വുളു ചെയ്താൽ പരിശുദ്ധമാകും എന്ന തെറ്റായ ധാരണ ആർക്കും വേണ്ട. നിങ്ങൾ പരമകാരുണികന്റെ ദാസരാണെങ്കിൽ, അവനോടുള്ള ഭയം നിങ്ങളുടെ മനസ്സിലുണ്ടായിരിക്കണമെന്നത് വ്യക്തമായ കല്പനയാണ്. അല്ലാഹുവിനോടുള്ള ഭയമുള്ളയാൾ, പകുതി കുറ്റവാളിയായിരിക്കുകയില്ല. അറിവില്ലാതെ എന്തെങ്കിലും തെറ്റു സംഭവിച്ചാൽ അയാൾ വ്യാകുലചിത്തനായിത്തീരും. അത്തരം തെറ്റുകളിൽനിന്നാണ് മനുഷ്യൻ പരിശുദ്ധനായിത്തീരുന്നത്. നിസ്കാരം ഭംഗിയായി അനുഷ്ഠിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രധാനപ്പെട്ട കാര്യം, കൃത്യസമയത്തു നിസ്കരിക്കുക എന്നതാണ്.

കൃത്യസമയത്ത് നിസ്കരിക്കണമെന്ന ബോധവും ശീലവും, മുഅ്മിനായ ദാസൻ നിസ്കാരം ഭംഗിയായി നിസ്കരിക്കാൻ ആഗ്രഹിക്കുന്നുവെന്നതിന് തെളിവാണ്. നിസ്കാരം കൃത്യസമയത്ത് നിസ്കരിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

*ഇന്നസ്സ്വലാത്ത കാനത് അലൽമുഅ്മിനീന കിതാബൻ മൗഖൂത്താ.*

നിശ്ചയമായും നിസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയം ചെയ്യപ്പെട്ട ഒരു നിർബന്ധകൃത്യമാകുന്നു. (*4:104*)

അഞ്ചുനേര നിസ്കാരമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഓരോ നേരത്തിനും ഓരോ പ്രാധാന്യമുണ്ട്. ഇക്കാലഘട്ടത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് നമുക്കു പറഞ്ഞുതന്നു. അല്ലാഹു നിശ്ചയിച്ചിട്ടുള്ള അഞ്ചുനേരം എന്തു പ്രാധാന്യമുൾക്കൊള്ളുന്നതാണെന്നും അവിടന്ന് വിവരിച്ചുതന്നു. അതിന്റെ വിശദീകരണത്തിലേക്ക് ഇപ്പോൾ പോകുക സാധ്യമല്ല. എങ്കിലും ചുരുക്കിപ്പറയട്ടെ, മനുഷ്യന്റെ ജീവിതം സ്ഥിരം വിപത്തുകളിലും നാശങ്ങളിലും വീണുകിടക്കുകയാണ്. ശയ്ത്വാൻ ഏതുസമയവും ആക്രമണം നടത്താൻ തയ്യാറായിനില്ക്കുന്നു. മനുഷ്യന്റെ  ജീവിതത്തിൽ വിവിധ ധാരണകളും വിചാരങ്ങളും ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. അതുകൊണ്ട് ഈ നാശങ്ങളിൽനിന്നും വിപത്തുകളിൽനിന്നും രക്ഷപ്പെടാനായി, ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതരാകുന്നതിനുവേണ്ടി, ദിവസത്തിന്റെ അഞ്ചുനേരങ്ങളിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. നേരത്ത് നിസ്കരിക്കുന്ന കാരണത്താൽ, ഈ ആക്രമണങ്ങളിൽ നിന്ന് മനുഷ്യൻ സുരക്ഷിതനായിരിക്കുന്നതോടൊപ്പം ആത്മീയതയിലുണ്ടാകുന്ന അഭിവൃദ്ധി കാരണത്താൽ അവൻ ദൈവസാമീപ്യം പ്രാപിക്കുന്നവനുമായിത്തീരും. അതുകൊണ്ട് ഓരോ അഹ്മദിയും കൃത്യനേരത്തുതന്നെ നിസ്കാരം അനുഷ്ഠിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അത് പാലിക്കേണ്ടതാണ്.

ഇക്കാലഘട്ടത്തിൽ എല്ലാ ഭാഗത്തും ഭൗതികത തിമിർത്താടുകയാണ്. അപ്പോൾ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടത് കൂടുതൽ ആവശ്യമായിരിക്കുന്നു. ശയ്ത്വാൻ പുതിയ രീതികളിൽ ആക്രമണം നടത്തി അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് മനുഷ്യനെ അകറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നീ ഇപ്പോൾ ഇന്ന കാര്യം ചെയ്തില്ലെങ്കിൽ നിനക്ക് നഷ്ടമുണ്ടാകുമെന്ന് പറഞ്ഞ് മനസ്സിൽ ദുർമന്ത്രണം ചെയ്യുന്നു. അതുകൊണ്ട് നിസ്കാരത്തിന് ഇനിയും സമയമുണ്ട് ആദ്യം ആ ജോലി ചെയ്യുക എന്നു മന്ത്രിക്കുന്നു. പിന്നീട് ജംആക്കി നിസ്കരിച്ചാൽ മതിയെന്ന് ഓതുന്നു. ഓരോ കാലഘട്ടത്തിലും ശയ്ത്വാൻ വിവിധ രീതിയിൽ ആക്രമണം നടത്തുമെന്ന് അല്ലാഹുവിന്നറിയാം. ഓരോ കാലഘട്ടത്തിലും മനുഷ്യന്റെ തിരക്ക് വിവിധങ്ങളാകുമെന്നും അവനറിയാം. അതുകൊണ്ടാണ് പറഞ്ഞത്, നിങ്ങളുടെ അലസതയും ജോലിത്തിരക്കും കാരണത്താൽ ഏതെങ്കിലും നിസ്കാരം കൃത്യനേരത്ത് നിസ്കരിക്കാൻ കഴിയുന്നില്ലെങ്കിൽ ആ നിസ്കാരം കൃത്യസമയത്തു നിസ്കരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക എന്ന്. കാരണം ഒരു നിസ്കാരത്തിലുള്ള അശ്രദ്ധ പതുക്കെപ്പതുക്കെ മറ്റു നിസ്കാരങ്ങളിൽനിന്നും നിങ്ങളെ അശ്രദ്ധരാക്കും. പറഞ്ഞു: *ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്ത്വാ* എല്ലാ നിസ്കാരങ്ങളും പ്രത്യേകിച്ച് ഇടയ്ക്കുവരുന്ന നിസ്കാരവും നിങ്ങൾ സസൂക്ഷ്മം നിലനിർത്തുക. (2:239) ഇന്ന നിസ്കാരത്തെ പ്രത്യേകം സംരക്ഷിക്കുക എന്നു പറഞ്ഞില്ല. ഇടയ്ക്കുള്ള നിസ്കാരത്തിന്റെ നിർവചനവും വിവിധ ആളുകൾക്ക് വിവിധ രീതിയിലാണ്. നിസ്കാരത്തേക്കാൾ പ്രാധാന്യം മറ്റുള്ള കാര്യത്തിനാണെന്ന് തോന്നുന്ന നേരത്തുവരുന്ന നിസ്കാരമാണ് ഇടയ്ക്കുള്ള നിസ്കാരം. മറ്റു കാര്യങ്ങളെ പിമ്പുറം തള്ളിക്കൊണ്ട് അല്ലാഹുവിനുവേണ്ടിയുള്ള ആരാധനയ്ക്ക് മറ്റുള്ള കാര്യങ്ങളേക്കാൾ മുൻഗണന നല്കുമ്പോൾ അല്ലാഹു അത്തരം ആരാധകരുടെ ആവശ്യങ്ങൾ അവർ ചിന്തിക്കാത്ത വഴിയിലൂടെ അവർക്ക് പൂർത്തിയാക്കിക്കൊടുക്കും. ഇതും അല്ലാഹുവിന്റെ വാഗ്ദാനമാണ്. പ്രതിഫലം നല്കാതെ ഒരു നന്മയും അല്ലാഹു വിട്ടുകളയുകയില്ല. ഇഹലോക അനുഗ്രഹങ്ങൾകൊണ്ടും അവൻ അവരെ കടാക്ഷിക്കുന്നു. നിസ്കാരം ഭംഗിയാകുന്നത് ജമാഅത്തോടുകൂടി അത് അനുഷ്ഠിക്കുമ്പോഴാണ്. കാരണം ഒരു മുഅ്മിന് ജമാഅത്തായിട്ടുള്ള നിസ്കാരം നിർബന്ധമാണ്. നിസ്കാരം നിലനിർത്തുകയും അത് അതിന്റെ എല്ലാ നിബന്ധനയോടുംകൂടി അനുഷ്ഠി

ക്കുകയും ചെയ്യുക എന്നത് വിശുദ്ധഖുർആന്റെ കല്പനയാണ്. നബി(സ) തിരുമേനി ഈ നിബന്ധന നിറവേറ്റാനുള്ള സുന്നത്ത് നമുക്ക് കാണിച്ചുതന്നത് പള്ളിയിൽ പോയി അത് നിർവഹിച്ചുകൊണ്ടാണ്. ജമാഅത്തായിട്ടുള്ള നിസ്കാരത്തിലേക്ക് നമുക്ക് പ്രചോദനം നല്കിക്കൊണ്ട് നബി (സ) തിരുമേനി പറയുന്നു: ജമാഅത്ത് നിസ്കാരത്തിന് ഒറ്റയ്ക്ക് നിസ്കരിക്കുന്നതിനേക്കാൾ ഇരുപത്തിയേഴിരട്ടി പുണ്യമുണ്ട്. ഒരിക്കൽ ഒരന്ധൻ നബിതിരുമേനിയുടെ അടുക്കൽ വന്നു. വഴിതെറ്റിപ്പോകുന്ന കാരണത്താൽ തനിക്ക് പള്ളിയിൽ നിസ്കരിക്കാൻ വരാൻ പ്രയാസമുണ്ടെന്നറിയിച്ചു. അതുകൊണ്ട് വീട്ടിൽ നിസ്കരിച്ചാൽ മതിയോ എന്നും ചോദിച്ചു. ആദ്യം അവിടന്ന് അത് അനുവദിച്ചു. പിന്നീട് പറഞ്ഞു. താങ്കൾ ബാങ്കിന്റെ ശബ്ദം കേൾക്കാറുണ്ടോ? ഉണ്ടെന്നയാൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു. എന്നാൽ, താങ്കൾ പള്ളിയിൽ വന്ന് നിസ്കരിക്കുക എന്നതാണ് അതിനുള്ള മറുപടി.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബു ഹുറയ്റ(റ) പറയുന്നു: നബി (സ) തിരുമേനി പറഞ്ഞു: അല്ലാഹുതആല പാപങ്ങൾ മായിച്ചുകളയുകയും സ്ഥാനങ്ങൾ ഉയർത്തുകയും ചെയ്യുന്ന ആ കാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ. അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും പറഞ്ഞുതന്നാലും എന്ന് സഹാബത്ത് പറഞ്ഞു. നബിതിരുമേനി പറഞ്ഞു. ശൈത്യം കാരണത്താൽ മനസ്സ് ആഗ്രഹിക്കുന്നില്ലെങ്കിലും നല്ലവണ്ണം വുളു ചെയ്യുകയും ദൂരെ നിന്ന് പള്ളിയിലേക്ക് നടന്നുവരികയും ഒരു നിസ്കാരത്തിനുശേഷം അടുത്തതിനായി കാത്തിരിക്കുകയും ചെയ്യുക എന്നത് അതിർത്തിയിൽ കാവൽക്കാരനെ നിർത്തുന്നതുപോലെയാണ്. അവിടന്ന് ഇക്കാര്യം രണ്ടുപ്രാവശ്യം ആവർത്തിച്ചു.

നാം നമ്മുടെ മനസ്സിന്റെ അതിർത്തിയിൽ ഇത്തരം സുരക്ഷാസംവിധാനം സ്ഥാപിക്കുമ്പോഴാണ് ശയ്ത്താന്റെ ആക്രമണത്തിൽനിന്ന് നമ്മുടെ മനസ്സുകളെ രക്ഷപ്പെടുത്താൻ നമുക്ക് കഴിയുന്നത്. ഇല്ലെങ്കിൽ ശയ്ത്വാൻ, അവൻ വെല്ലുവിളിച്ചുപറഞ്ഞിട്ടുള്ളതുപോലെ ഓരോ വഴിയിലും നമ്മുടെമേൽ ആക്രമണം നടത്താൻ ഒരുങ്ങിയിരിക്കുകയാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിസ്കാരം നല്ലവണ്ണം ഭംഗിയാക്കിനിർവഹിക്കേണ്ടതാണ്. നിസ്കാരം എല്ലാ അഭിവൃദ്ധിയുടേയും വേരും അതിലേക്കുള്ള ഗോവണിയുമാണ്. അതുകൊണ്ടാണ് നിസ്കാരം മുഅ്മിന്റെ മിഅ്റാജ് അഥവാ ആത്മീയലോകത്തെ പ്രയാണമാണെന്ന് പറയപ്പെട്ടിട്ടുള്ളത്. ഈ മതത്തിൽ ആയിരക്കണക്കിന് വലിയ്യുമാരും പുണ്യാത്മാക്കളും അബ്ദാലുകളും ഖുത്വുബകളും കഴിഞ്ഞുകടന്നിട്ടുണ്ട്. അവർ ഈ പദവികളും സ്ഥാനങ്ങളും എങ്ങനെയാണ് കരസ്ഥമാക്കിയത്? ഇതേ നിസ്കാരത്തിലൂടെതന്നെ. നബി(സ) തിരുമേനി പറയുന്നു: *ഖുർറത്തു അയ്നീ ഫിസ്സ്വലാത്തി* എന്റെ കണ്ണിന്റെ കുളിർമയാണ് നിസ്കാരം. യഥാർത്ഥത്തിൽ മനുഷ്യൻ ഈ പദവിയിലും സ്ഥാനത്തുമെത്തുമ്പോൾ അവന് പരിപൂർണ്ണവും തികവുറ്റതുമായ രുചി നിസ്കാരത്തിലുണ്ടാകുന്നു. നബി (സ) തിരുമേനി പറഞ്ഞതിന്റെ അർത്ഥവും ഇതുതന്നെയാണ്. അതുകൊണ്ട് മനസ്സിന്റെ വടംവലിയിൽനിന്ന് മനുഷ്യൻ രക്ഷപ്പെട്ട് ഉന്നതമായ സ്ഥാനത്ത് അവനെത്തിച്ചേരുന്നു. മാനസികമായ സംഘർഷങ്ങളിൽനിന്നും പിരിമുറുക്കങ്ങളിൽനിന്നും മനുഷ്യന് മോചനം കിട്ടുന്നത് നിസ്കരിക്കുമ്പോഴാണ്. വീണ്ടും അവിടന്ന് പറയുന്നു. ജമാഅത്തായിട്ടുള്ള നിസ്കാരത്തിന് കൂടുതൽ പ്രതിഫലം വെച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. അതായത്, അതുമുഖേന ഐക്യമുണ്ടാകുന്നു. അതെത്രത്തോളമെന്നുവെച്ചാൽ, പാദങ്ങൾ സമമായി വെക്കുകയും അണി നേരെയാക്കുകയും വേണം. ഒരാൾ മറ്റൊരാളോട് ചേർന്നുനില്ക്കണം. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഒരേയൊരു മനുഷ്യൻ എന്നപോലെ എല്ലാവരും നില്ക്കുക എന്നാണ്. ഒരാളിലുള്ള പ്രകാശങ്ങൾ മറ്റേയാളിൽ പ്രവഹിക്കുമാറാകണം. സ്വാർത്ഥത തരിമ്പും ഉണ്ടാകരുത്. മറ്റുള്ളവരുടെ വെളിച്ചത്തെ ആകർഷിച്ചെടുക്കാനുള്ള ശക്തി മനുഷ്യനിലുണ്ടെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. ഈ ആരാധനയ്ക്കായിട്ടാണ് നിസ്കാരം നിത്യവും മഹല്ലിലെ പള്ളിയിൽ നിസ്കരിക്കാനും ഓരോ ആഴ്ചയ്ക്കുശേഷം നഗരത്തിലെ പള്ളിയിൽ നിസ്കരിക്കാനും വർഷത്തിനുശേഷം ഈദുഗാഹിൽ കൂട്ടംചേർന്ന് നിസ്കരിക്കാനും വർഷത്തിലൊരിക്കൽ എല്ലാ മുസ്ലിംകളും ബയ്ത്തുല്ലായിൽ സംഘടിക്കാനും കല്പിച്ചിട്ടുള്ളത്. ഈ കല്പനകളെല്ലാം കൊണ്ടുദ്ദേശിക്കുന്നത് ആ ഐക്യം തന്നെയാണ്.

അഹ്മദിയ്യാ ജമാഅത്തിന് ഇക്കാര്യത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മറ്റുള്ളവരിൽ നിന്നുള്ള വ്യത്യാസം വളരെ സ്പഷ്ടമാണ്. ദുൻയാവിലെ ഏത് രാജ്യത്തിലായാലും ഏതെങ്കിലും അഹ്മദിക്ക് എന്തെങ്കിലും വിഷമമുണ്ടായാൽ ലോകം മുഴുവനുമുള്ള അഹ്മദികൾ അത നുഭവിക്കുന്നു. ഇത് ഐക്യത്തിന്റെ ഒരടയാളമാണ്. നാം ജമാഅത്തായിട്ട് നിസ്കരിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊണ്ടിരിക്കുവോളം ഈ ഐക്യം നമ്മളിൽ നിലനില്ക്കുന്നതാണ്. ജമാഅത്തിലെ ഭൂരിപക്ഷമാളുകളും ജമാഅത്തായിട്ടുള്ള നിസ്കാരം നിലനിർത്തുമ്പോഴാണ് ഇത് പൂർത്തിയാകുന്നത്. അടിസ്ഥാനപരമായി നൂറുശതമാനം ആളുകളും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. നാം അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടിരിക്കുന്നവരാകുവോളം ഇൻശാഅല്ലാഹ് ഈ ഐക്യവും നമ്മിൽ നിലനില്ക്കുന്നതാണ്. ഇവിടെ എല്ലായിടത്തും നമുക്ക് പള്ളിയില്ല. സിഡ്നിയിൽ പള്ളിയുണ്ടെങ്കിലും ആളുകൾ ദൂരദൂരെയായിരിക്കും വസിക്കുന്നുണ്ടാവുക. എങ്കിലും പള്ളിയിൽ വരാൻ കഴിയുന്നവർ തീർച്ചയായും വരേണ്ടതാണ്. വരാൻ കഴിയാത്തവർ അടുത്തുള്ളവരുമായി ചേർന്ന് നിസ്കാരത്തിന് സെന്ററുകൾ രൂപീകരിക്കുക. അങ്ങനെ ജമാഅത്തായിട്ടുള്ള നിസ്കാരത്തിന് ഏർപ്പാട് ചെയ്യുക. ഇപ്രകാരംതന്നെ മറ്റു പട്ടണങ്ങളിൽ വസിക്കുന്നവരും അതുപോലെ സൗകര്യമുണ്ടാക്കുക. അല്ലെങ്കിൽ കുടുംബനാഥൻ തന്റെ ഭാര്യയേയും മക്കളേയും കൂട്ടി ജമാഅത്തായിട്ട് നിസ്കരിക്കാനുള്ള ശീലമുണ്ടാക്കുക. ജമാഅത്തായിട്ട് നിസ്കരിക്കുന്ന കാരണത്താൽ നിസ്കാരത്തിനുള്ള ഇരുപത്തേഴിരട്ടി പ്രതിഫലം വാങ്ങുന്നതിനോടൊപ്പം തങ്ങളുടെ കുട്ടികളിൽ നിസ്കാരത്തിന്റെ പ്രാധാന്യമുണ്ടാക്കുകയുമാണ് അതുകൊണ്ട് ചെയ്യുന്നത്. ഈ പ്രാധാന്യം ഈ കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുമ്പോൾ അവർ എപ്പോഴും നിസ്കാരം ഭംഗിയാക്കി നിർവ്വഹിക്കുന്നവരായിത്തീരുന്നതാണ്. നമ്മുടെ കുട്ടികൾ ഇവിടത്തെ പരിതസ്ഥിതികൾക്ക് വഴിപ്പെട്ടുപോകുമോ എന്ന ചിന്തയിൽ നിന്ന് നിങ്ങൾക്ക് മുക്തി കിട്ടുകയും ചെയ്യുന്നു. കാരണം യഥാർത്ഥമായ നിലയിൽ നിസ്കരിക്കുന്നവരേയും അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരേയും അസാന്മാർഗ്ഗിക പ്രവണതകളിൽനിന്ന് നിസ്കാരം തടയുന്നതാണെന്നും വാഗ്ദാനമുണ്ട്. അതായത് നിസ്കാരം അവരുടെ സംരക്ഷകനായിത്തീരും. അതവരെ സംരക്ഷിക്കാൻ എഴുന്നേറ്റുനില്ക്കും. അതുകൊണ്ട് നിസ്കാരം അങ്ങേയറ്റം നിർബന്ധമായ കാര്യമാണ്. ഇത് നിസ്സാരമായ കാര്യമല്ല. നിങ്ങളുടെ മക്കളെ ഒരുക്കിയെടുക്കാനും രക്ഷിക്കാനുമാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ നിസ്കാരം സ്വയം ശീലമാക്കുക. അതുമുഖേന കുട്ടികൾക്കും ശീലമുണ്ടായിത്തീരും. അല്ലാഹു എല്ലാവർക്കും ഇതിന് ഭാഗ്യം നല്കുമാറാകട്ടെ.

ഹസ്റത്ത് സൂഫി സാഹിബിന് ഹസ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയ കത്തിൽ രണ്ടാമത് പറഞ്ഞ കാര്യം, ഇസ്തിഗ്ഫാർ അധികമധികമായി ചൊല്ലിക്കൊണ്ടിരിക്കുക എന്നതായിരുന്നു. സ്വപാപങ്ങളിൽ ദൃഷ്ടിപായിച്ചുകൊണ്ട് വരുംകാലങ്ങളിൽ അതിൽനിന്ന് രക്ഷപ്പെടുമെന്ന പ്രതിജ്ഞയോടെ ഒരു സത്യവിശ്വാസി അല്ലാഹുവിനോട് സഹായം തേടുമ്പോൾ മനുഷ്യചിന്തയ്ക്കതീതമായ വഴിയിലൂടെ അല്ലാഹു അവനെ അതിൽ നിന്ന് രക്ഷിക്കുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: യാത്രാമദ്ധ്യേ മരുഭൂമിയിൽവെച്ച് നഷ്ടപ്പെട്ടുപോയ ഒട്ടകത്തെ (പല സ്ഥലങ്ങളിലും തിരഞ്ഞുനടന്ന് കണ്ടെത്താതെ നിരാശനായിരിക്കുമ്പോൾ) തിരിച്ചു കിട്ടിയവനുള്ള സന്തോഷത്തേക്കാൾ കൂടുതൽ അല്ലാഹു അവന്റെ ദാസന്റെ പശ്ചാത്താപത്തിൽ സന്തോഷിക്കുന്നവനാണ്.

തന്റെ ദാസൻ പശ്ചാത്തപിച്ചുമടങ്ങുമ്പോൾ അല്ലാഹു എത്രമാത്രം സന്തോഷവാനാകുന്നുവെന്ന് നോക്കുക. ഇസ്തിഗ്ഫാറിന്റെ നേട്ടങ്ങളെക്കുറിച്ച് വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു: *അസ്തഗ്ഫിറൂ റബ്ബക്കും ഇന്നഹു കാന ഗഫ്ഫാറാ* "നിങ്ങൾ നിങ്ങുടെ നാഥനോട് പൊറുക്കലിനെ തേടുക. നിസ്സംശയം അവൻ സർവ്വഥാ പൊറുക്കുന്നവനാണ്." നിങ്ങൾ ഇസ്തിഗ്ഫാർ ചെയ്താൽ അതുകൊണ്ടുള്ള നേട്ടം തുടർന്നു പറയുന്നു: *യുർസിലസ്സമാഅ അലയ്ക്കും മ്മിദ്റാറാ വ യുംദിദ്ക്കും ബി അംവാലിൻ വ്വബനീന വ യജ്അല്ലക്കും ജന്നാത്തിൻ വ്വ യജ്അല്ലക്കും അൻഹാറാ.* അതായത്, സത്യഹൃദയത്തോടെ ചെയ്യുന്ന പശ്ചാത്താപവും പൊറുക്കലിനെ തേടലുംകൊണ്ട് ധാരാളം മഴ പൊഴിയുന്ന മേഘങ്ങളെ അവൻ നിങ്ങൾക്കയച്ചുതരും. സമ്പത്തുകൊണ്ടും

സന്തതികൾകൊണ്ടും അവൻ നിങ്ങളെ സഹായിക്കുന്നതാണ്. നിങ്ങൾക്കവൻ തോട്ടങ്ങളും അരുവികളും നല്കുകയും ചെയ്യുന്നതാണ്. (*71:11–13*)

അല്ലാഹുവിനോട് ബന്ധം സ്ഥാപിക്കുമ്പോൾ മനുഷ്യൻ എത്രയെത്ര നേട്ടങ്ങളാണ് കൈവരിക്കുന്നതെന്ന് നോക്കുക. ആത്മീയമായ നിലയിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നതിനോടൊപ്പം ഭൗതികമായ അനുഗ്രഹങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ഈ രാജ്യത്ത്, പ്രത്യേകിച്ച് ഈ സ്ഥലത്ത് ജലത്തിന് വലിയ ക്ഷാമമാണെന്ന് എന്നോട് പറയുകയുണ്ടായി. ചില കാര്യങ്ങൾക്ക് വെള്ളം ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇന്ന് ലോകത്ത് അഹ്മദികൾക്കു മാത്രമേ എല്ലായിടത്തും ലോകത്തുനിന്ന് വിഷമങ്ങൾ ദൂരീകരിക്കാനുള്ള മാർഗ്ഗമാകാൻ പറ്റുകയുള്ളൂ. അതുകൊണ്ട് ആരാധനാകർമ്മങ്ങളും അല്ലാഹുവിനോട് പൊറുക്കലിനെ തേടലും ആദ്യത്തേക്കാൾ കൂടുതൽ നിർവ്വഹിക്കാൻ ശ്രമിക്കുക – നിങ്ങളോടൊപ്പം മനുഷ്യകുലത്തിന്റെ വിഷമങ്ങളും ദൂരീകരിക്കാൻ നിങ്ങൾ കാരണമായിത്തീരുന്നതിനുവേണ്ടി. എല്ലാത്തിനേക്കാളും ഉപരി അല്ലാഹു നിങ്ങൾക്ക് നല്കിയിരിക്കുന്ന ഈ ആത്മീയജലം കൊണ്ട് അന്യരേയും സംതൃപ്തരാക്കുന്നതിനുവേണ്ടി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇസ്തിഗ്ഫാറിനെക്കുറിച്ച് പറയുന്നു: ഇസ്തിഗ്ഫാർ എന്നതിന്റെ യഥാർത്ഥമായ അർത്ഥം മനുഷ്യത്വപരമായ ബലഹീനത വെളിപ്പെടുത്തരുതെന്ന് അല്ലാഹുവിനോട് അപേക്ഷിക്കുക എന്നതാണ്. അല്ലാഹു നമ്മുടെ പ്രകൃതിക്ക് തന്റെ ശക്തികൊണ്ട് താങ്ങുകൊടുക്കുകയും തന്റെ സഹായത്തിന്റെ വൃത്തത്തിലേക്ക് നമ്മെ എടുക്കുകയും ചെയ്യുക എന്നാണ്. ഈ പദം ഗഫറയിൽനിന്ന് നിഷ്പന്നമാണ്. മൂടുന്നതിനാണ് ഗഫറ എന്ന് പറയുന്നത്. ഇതിന്റെ അർത്ഥം അല്ലാഹു തന്റെ ശക്തികൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുന്ന വ്യക്തിയുടെ പ്രകൃത്യാലുള്ള ബലഹീനതകളെ മറച്ചുവെക്കുക എന്നാണ്. പക്ഷേ, നമുക്കുവേണ്ടി ഈ പദത്തിന്റെ അർത്ഥം വീണ്ടും വിശാലമാക്കപ്പെട്ടിരിക്കുന്നു. അതായത്. ചെയ്തുപോയ പാപങ്ങളെ അല്ലാഹു മറച്ചുവെക്കുക. എന്നാൽ യഥാർത്ഥമായ അർത്ഥം അല്ലാഹു അവന്റെ ശക്തികൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുന്ന ആളെ അയാളുടെ സ്വാഭാവികമായ ബലഹീനതകളിൽനിന്ന് രക്ഷിക്കുകയും തന്റെ ശക്തിയിൽനിന്ന് അവന് പകർന്നുകൊടുക്കുകയും തന്റെ അറിവിൽനിന്ന് അറിവ് കൊടുക്കുകയും തന്റെ പ്രകാശത്തിൽ നിന്ന് പ്രകാശം നല്കുകയും ചെയ്യുക എന്നാണ്. കാരണം അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് അവനിൽനിന്ന് വേർപെട്ടുനിന്നില്ല. എന്തുകൊണ്ടെന്നാൽ അവൻ മനുഷ്യന്റെ സ്രഷ്ടാവാണെന്നപോലെതന്നെ, അവന്റെ ബാഹ്യവും ആന്തരികവുമായ എല്ലാ ശക്തിയും ഉണ്ടാക്കുന്നവനാണെന്നപോലെതന്നെ, അവൻ മനുഷ്യനെ നിലനിർത്തുന്നവനുമാണ്. അതായത് എന്തൊന്നാണോ സൃഷ്ടിച്ചത് തന്റെ പ്രത്യേകമായ സഹായംകൊണ്ട് അതിനെ സുരക്ഷിതമാക്കിവെക്കുന്നവനുമാണ്. അല്ലാഹുവിന്റെ പേര് ഖയ്യൂം എന്നുമാണ്. അതായത്, തന്റെ സഹായംകൊണ്ട് സൃഷ്ടികളെ നിലനിർത്തുന്നവൻ. അല്ലാഹുവിന്റെ സൃഷ്ടികർതൃത്ത്വംകൊണ്ട് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുപോലെ മനുഷ്യൻ തന്റെ സൃഷ്ടിപ്പിന്റെ ചിത്രവേല തകരുന്നതിൽ നിന്ന് അല്ലാഹുവിന്റെ ഖയ്യൂമിയത്തുമുഖേനതന്നെ രക്ഷപ്പെടുത്തുകയും വേണം.

അല്ലാഹു നമ്മെ അതിന് അനുഗ്രഹിക്കുമാറാകട്ടെ. അത്തരം തകർച്ചയിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. ഇസ്തിഗ്ഫാർ എന്നതും വളരെ വിശാലമായൊരു വിഷയമാണ്. ആത്മീയവും ശാരീരികവുമായ അനശ്വരതയ്ക്കും അല്ലാഹുവിന്റെ സാമീപ്യത്തിനുംവേണ്ടി അഹ്മദികൾ ഇതിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്; ഏതൊരു അനുഗ്രഹങ്ങൾക്കാണോ നാം അവകാശികളായിത്തീർന്നിട്ടുള്ളത് അവയെ ഖിയാമത്തുന്നാൾവരെ പ്രാപിച്ചുകൊണ്ടേയിരിക്കുന്നവരായി തീരാൻവേണ്ടി.

പിന്നീട് നല്കിയ ഉപദേശം ഭയഭക്തിയും പരിശുദ്ധിയും ആർജ്ജിക്കുന്നതിനും അല്ലാഹുവിനേയും അവന്റെ റസൂലിനേയും സത്യസന്ധമായി അനുസരിക്കുന്നതിനും വേണ്ടി പരിശ്രമിക്കുക എന്നതായിരുന്നു. ലോകത്തിലെ അനാവശ്യ കാര്യങ്ങളിൽനിന്ന് തങ്ങളെ രക്ഷിച്ച് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുന്നവരാണ് മുത്തഖികൾ. അതിൽ അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ഉൾപ്പെടുന്നു. എപ്പോഴും ഒരഹ്മദി അല്ലാഹുവിന്റെ കല്പ

നകളനുസരിച്ച് നടക്കാൻ ശ്രമിക്കേണ്ടതാണ്. തന്റെ ജീവിതത്തെ ആരാധനാകർമ്മങ്ങൾകൊണ്ടും അല്ലാഹുവിന്റെ സന്നിധിയിൽ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടും അല്ലാഹുവിന്റെ അഭയത്തിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്; അല്ലാഹുവിന്റെ സഹായത്താൽ എല്ലാത്തരം കടമകളും നിറവേറ്റുന്നതിനായി നമുക്ക് ശക്തിയുണ്ടാകുന്നതിനുവേണ്ടി. മുത്തഖിയായ ഒരു മനുഷ്യൻ എല്ലാ കുരുക്കുകളിൽനിന്നും മുക്തിനേടിയവനായിരിക്കും. അയാൾ എപ്പോഴും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കാൻ ശ്രമിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിജയത്തിന്റേയും സന്തോഷത്തിന്റേയും നേരത്ത് തഖ്‌വ സ്വായത്തമാക്കുന്നവൻ സൗഭാഗ്യവാനാണ്. വഞ്ചനയിലകപ്പെട്ട് അവനിലേക്ക് കുനിയാത്തവൻ നിർഭാഗ്യനാണ്.

ഇവിടെ വന്നിരിക്കുന്ന നിങ്ങളിൽ ഒരുപാടാളുകൾ ഇവിടെവന്ന് അഭയം തേടിയത് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച കാരണത്താൽ സ്വന്തം നാട്ടിൽ നിങ്ങളുടെ ജീവിതവൃത്തം ഇടുക്കമുള്ളതാക്കി തീർത്തതുകൊണ്ടാണ്. ഇവിടെ വന്നിട്ട് നിങ്ങൾക്ക് മനസ്സമാധാനം കിട്ടി. സാമ്പത്തികമായ നിലയിലും അല്ലാഹു നിങ്ങളെ അനുഗ്രഹിച്ചു. ഇതെല്ലാം നിങ്ങളോടാവശ്യപ്പെടുന്നത് നിങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുക എന്നാണ്. ഓരോ നിമിഷവും അല്ലാഹുവിനെ നിങ്ങളുടെ പരിചയാക്കിവെക്കുക. ഈ ദുൻയാവിലെ കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യങ്ങൾ ദൈവസ്മരണയിൽനിന്ന് നിങ്ങളെ വ്യതിചലിപ്പിക്കരുത് എന്നല്ല, കൂടുതൽ അവന്റെ മുമ്പിൽ കുനിയുന്നവരാക്കിത്തീർക്കണം. അല്ലാഹുവിന്റെ സകല കല്പനകളും അനുസരിച്ച് പ്രവർത്തിക്കുന്നവരാക്കണം. അല്ലാഹുവിന്റെ റസൂലിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരണം. അവിടത്തെ സത്യസന്ധനായ ദാസന് ചെയ്തിട്ടുള്ള ബയ്അത്തിൻകീഴിൽ അവിടത്തെ പ്രതീക്ഷയ്ക്കൊത്ത് പൂർണ്ണമായും ഇറങ്ങിക്കൊണ്ട് തികവാർന്ന നിലയിൽ അനുസരണം കാണിക്കുന്നവരാകണം. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നതെന്താണ്. ഇതുസംബന്ധമായി അവിടന്ന് പറയുന്നു: എന്റെ ജമാഅത്തിൽ ചേർന്നിരിക്കുന്നു എന്ന് സ്വയം പ്രഖ്യാപിച്ചിട്ടുള്ളവരേ! സത്യമായ നിലയിൽ തഖ്‌വയുടെ വഴിയിൽ പദമൂന്നുമ്പോഴാണ് ദൈവികസവിധത്തിൽ നിങ്ങൾ എന്റെ ജമാഅത്തിൽപെട്ടവരായി ഗണിക്കപ്പെടുന്നത്. അതുകൊണ്ട് അഞ്ചുനേരനിസ്കാരം അല്ലാഹുവിനെ കാണുന്നു എന്നതുപോലെ ദൈവഭയത്തോടും ഹൃദയസാന്നിദ്ധ്യത്തോടും കൂടി അനുഷ്ഠിക്കുക. നിങ്ങളുടെ നോമ്പുകളെ സത്യഹൃദയത്തോടെ പൂർത്തിയാക്കുക. സക്കാത്ത് കൊടുക്കാൻ അർഹരായിട്ടുള്ളവർ സക്കാത്ത് കൊടുക്കട്ടെ. ഹജ്ജ് നിർബന്ധമായിട്ടുള്ളവർ തടസ്സങ്ങളൊന്നുമല്ലെങ്കിൽ ഹജ്ജ് ചെയ്യട്ടെ. നന്മയെ ഭംഗിയായി നിർവഹിക്കുക. തിന്മയെ ജാഗ്രതയോടുകൂടി ഉപേക്ഷിക്കുക. തഖ്‌വയില്ലാത്ത ഒരുകർമ്മവും അല്ലാഹുവിനോളം എത്തുകയില്ലെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. ഓരോ നന്മയുടേയും വേര് തഖ്‌വയാണ്. ഈ വേര് നഷ്ടപ്പെട്ടുപോകാത്ത കർമ്മവും നഷ്ടപ്പെട്ടുപോവുകയില്ല.”

ഇതുസംബന്ധമായി ഇതും കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി നമ്മുടെ തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിനും ജമാഅത്തിൽ എപ്പോഴും അനുസരണത്തിന്റെ മാതൃക നിലനാട്ടുന്നതിനുംവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അനുസരണത്തിന്റെ വ്യവസ്ഥിതി അഥവാ ഖിലാഫത്ത് വ്യവസ്ഥിതി നമുക്ക് ലഭിച്ചു. രണ്ടാമത്തേത് ഖിലാഫത്ത് വ്യവസ്ഥിതി മുഖേന ലോകത്തിന്റെ മുക്കിലും മൂലയിലും അല്ലാഹുവിന്റേയും റസൂലിന്റേയും സന്ദേശം എത്തിക്കുന്നതിനും ദുഃഖിതരായ ജനങ്ങൾക്ക് സേവനം ചെയ്യുന്നിനുംവേണ്ടി വസിയ്യത്ത് വ്യവസ്ഥിതിക്കും തുടക്കം കുറിച്ചു. ഇന്നേക്ക് ഏകദേശം നൂറുവർഷം മുമ്പേയാണ് ഇതാരംഭിച്ചത്. അവിടന്ന് തുടങ്ങിയ ഈ വസിയ്യത്ത് വ്യവസ്ഥിതി അല്ലാഹുവിന്റെ കല്പനയനുസരിച്ചായിരുന്നു. ഈ വ്യവസ്ഥിതിയിൽ പങ്കെടുക്കുന്നവർക്കായി അവിടന്ന് ഒരുപാടൊരുപാട് ദുആ ചെയ്തു. തഖ്‌വയിൽ പദമൂന്നുക എന്ന് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് അവിടന്ന് അൽവസിയ്യത്ത് എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു. “തഖ്‌വ അഥവാ ഭയഭക്തി എന്നത് ഹൃദയത്തിൽ നട്ടുപിടിപ്പിക്കേണ്ട ഒരു വൃക്ഷമാണെന്ന് അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്നു. ഏതൊരു ജലത്തിൽ ഭയഭക്തി പരിരക്ഷിക്കപ്പെടുന്നുവോ അത് സകല തോട്ടങ്ങളേയും ജലസമൃദ്ധമാക്കിത്തീർക്കുന്നു. ഏതൊന്നില്ലെ

ങ്കിൽ സകലതും നിസ്സാരമായിത്തീരുമോ അതാണ് തഖ്‌വ അഥവാ ഭയഭക്തി. ആ വേര് ബാക്കിയുണ്ടെങ്കിൽ സകലതും ബാക്കിയാകും. സത്യത്തിൽ കാലുറപ്പിച്ചുനില്ക്കുന്നില്ലെങ്കിൽ ദൈവപ്രാപ്തി ആഗ്രഹിക്കുന്നതായി വെറുതെ നാവിട്ടടിച്ചതുകൊണ്ടെന്തുകാര്യം?"

വീണ്ടും അവിടന്ന് പറയുന്നു. "ഞാൻ നിങ്ങൾക്ക് സുവിശേഷം നല്കിക്കൊള്ളട്ടെ! അല്ലാഹുവിന്റെ സാമീപ്യം നേടുന്നതിനുള്ള രംഗം ഇതാ ഒഴിഞ്ഞുകിടക്കുന്നു. എല്ലാ ഓരോ ജനവും ദുൻയാവിനെയാണ് സ്നേഹിക്കുന്നത്. അല്ലാഹു ഏതൊന്നിൽ തൃപ്തനായിരിക്കുന്നുവോ അതിനെ തൊട്ട് ഈ ലോകത്തിന് ശ്രദ്ധയില്ല. സകല ശക്തി സാധനകളോടുംകൂടി ഈ വാതിലിലൂടെ കടക്കാൻ ആഗ്രഹിക്കുന്നവരാരോ അവർ തങ്ങളുടെ മുത്ത് പുറത്തെടുക്കേണ്ട അവസരം ഇതുതന്നെയാണ്. അവർ അല്ലാഹുവിന്റെ പ്രത്യേക സമ്മാനം കരസ്ഥമാക്കുകയും ചെയ്തുകൊള്ളട്ടെ."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസീഹ് മൗഊദ്(അ) തുടങ്ങിയ വസിയ്യത്ത് പദ്ധതിക്ക് 2005 ഡിസംബറിൽ നൂറുവർഷം പൂർത്തിയായി. 2004-ലെ യു.കെ. ജൽസയിൽ 2005-ൽ നൂറുവർഷം പൂർത്തിയാകുമെന്നും അപ്പോൾ കുറഞ്ഞത് അമ്പതിനായിരം മൂസിമാർ ഉണ്ടാകണമെന്നും ഞാൻ പറഞ്ഞിരുന്നു. ഖാദിയാനിലെ ജൽസസാലാന അവസരത്തിൽ ഈ സംഖ്യ പൂർത്തിയായതായി ഞാൻ നിങ്ങളെ അറിയിച്ചു. എന്നല്ല അതൊരുപാട് മുന്നോട്ട് പോയിരിക്കുന്നു. ഇപ്പോൾ ജമാഅത്തുകൾ അടുത്ത ടാർഗറ്റ് പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ്. ഇവിടെ നിങ്ങൾക്ക് പ്രചോദനമുണ്ടാകുന്നതിനായി ഞാൻ പറയാനാഗ്രഹിക്കുന്നത് ഇവിടത്തെ ചരിത്രമനുസരിച്ച് ഹസ്റത്ത് സൂഫീ സാഹിബിന് ഇന്ത്യയ്ക്ക് വെളിയിലുള്ള മൂസികളിൽ ഒന്നാമത്തെ മൂസി എന്ന ബഹുമതിയുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) വസിയ്യത്തിന്റെ പ്രഖ്യാപനം നടത്തിയപ്പോൾ മൂന്നുമാസം കഴിഞ്ഞുടനെ അദ്ദേഹം വസിയ്യത്ത് ചെയ്തു. 1906 മാർച്ചുമാസത്തിലാണ് അവിടന്ന് വസിയ്യത്ത് ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്ത്, ഈ വൻകരയിൽ വസിയ്യത്ത് വ്യവസ്ഥിതിക്കും നൂറുവർഷം പൂർത്തിയായിരിക്കുകയാണ്. ഹസ്റത്ത് സൂഫീ സാഹിബ് തീർച്ചയായും ആവേശത്തോടുകൂടി ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിക്ക് ഉത്തരം നല്കിക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുണ്ടി ഈ വാതിലിൽ കടക്കാൻ ശ്രമിച്ചിരുന്നു. തീർച്ചയായും ഇത് വിജയപ്രദമായ ഒരു പരിശ്രമമായിരുന്നു. ഞാൻ പറഞ്ഞതുപോലെ അദ്ദേഹത്തിന് തന്റെ പര്യവസാനം ശുഭമായിരിക്കുമെന്ന് ഇൽഹാമിലൂടെ അല്ലാഹു അറിയിച്ചിരുന്നു. അവിടന്ന് തീർച്ചയായും ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ വ്യവസ്ഥിതിയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്ത പ്രാർത്ഥനയ്ക്കും അർഹനായിത്തീർന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഒരുപാട് ദുആകൾ ചെയ്തിട്ടുണ്ട്. അല്ലാഹു തഖ്‌വയിൽ അഭിവൃദ്ധി നല്കുമാറാകട്ടെ. ഈമാനിൽ അഭിവൃദ്ധി നല്കുമാറാകട്ടെ. കപടരിൽനിന്ന് ശുദ്ധീകരിക്കുമാറാകട്ടെ, തുടങ്ങി പലതും. ഇന്ത്യക്ക് വെളിയിലുള്ള ആദ്യത്തെ മൂസിയുടെ നാട്ടിൽ ഇപ്പോൾ ഞാൻ നടത്തിവരുന്ന ഈ പര്യടനം യാദൃശ്ചികമല്ല. ഇതിനുമുമ്പേ വസിയ്യത്ത് ചെയ്യാൻ ഞാൻ പറഞ്ഞു കഴിഞ്ഞതുമാണ്. ഇവിടെ വരുന്നതിനുമുമ്പേ വസിയ്യത്ത് വ്യവസ്ഥിതിയിലെ ആദ്യപഴം ഇവിടെ പിടിച്ചിട്ടുണ്ടെന്നതിനെക്കുറിച്ച് എനിക്ക് അറിയില്ലായിരുന്നു. ആ പഴം പിടിച്ചത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്താണ്. അത് ഇന്നേക്ക് നൂറുവർഷം മുമ്പേയാണ്. ആ പഴത്തിന്റെ പര്യവസാനം ശുഭകരമായിരിക്കുമെന്ന് അല്ലാഹു സുവാർത്തയും അറിയിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയാനാഗ്രഹിക്കുന്നത് ഇന്ത്യക്കും പാക്കിസ്ഥാനും വെളിയിലുള്ള ഈ രാജ്യത്തിന് വസിയ്യത്ത് വ്യവസ്ഥിതിയിലേക്ക് പ്രത്യേകം ശ്രദ്ധയുണ്ടാകണമെന്നാണ്. ചില വ്യക്തികൾ ഇവിടെ വസിച്ചിരുന്നു. അവർ ലബ്ബൈക്ക് പറഞ്ഞുകൊണ്ട് വസിയ്യത്ത് വ്യവസ്ഥിതിയിൽ താമസംവിനാ ചേരുകയും ചെയ്തു. ഇന്ന് നിങ്ങളുടെ അംഗസംഖ്യ ആയിരക്കണക്കിനാണ്. അല്ലാഹുവിന്റെ അനുഗ്രഹവും ഒരുപാട് നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ നൂറുവർഷത്തിനുശേഷം ഇതിന്റെ അടിസ്ഥാനത്തിൽ വരുമാനമുള്ളവരും നല്ലനിലയിൽ കഴിയുന്നവരും ഈ വ്യവസ്ഥിതിയിൽ പങ്കുചേരാൻ ശ്രമിക്കേണ്ടതാണ്. ഏറ്റവുമാദ്യം ജമാഅത്തിന്റെ ഭാരവാഹികളാണ് ആത്മപരിശോധന നടത്തേണ്ടത്. ഭാരവാഹികളിൽ നൂറു

ശതമാനവും ഇതിൽ പങ്കെടുക്കുന്നുണ്ടോ എന്ന് അമീർ സാഹിബും പരിശോധിക്കേണ്ടതാണ്. അത് കേന്ദ്ര ഉദ്യോഗസ്ഥന്മാരായാലും കേന്ദ്രത്തിന്റെ പോഷക സംഘടനകളുടെ ഭാരവാഹികളായാലും പ്രാദേശിക ജമാഅത്തിന്റെ ഭാരവാഹികളായാലും പ്രാദേശികപോഷക സംഘടനകളുടെ ഭാരവാഹികളായാലും ശരി.

എന്നോട് പറഞ്ഞതനുസരിച്ച് ഇവിടത്തെ മൂസികളുടെ അംഗസംഖ്യ വളരെ നല്ലനിലയിലാണ്. പക്ഷേ ഹസ്റത്ത് സൂഫി സാഹിബിന്റെ ജീവിതപരിതസ്ഥിതികൾ പഠിച്ചപ്പോൾ ഇവിടത്തെ എല്ലാ അഹ്മദികളും മൂസികളാകണം എന്നാണ് ഞാനാഗ്രഹിക്കുന്നത്. നിങ്ങൾ തഖ്വയിൽ പദമൂന്നുന്നവരാകണം. ഇത് ഹൃദയത്തെ പരിശുദ്ധമാക്കുന്ന അനുഗ്രഹീതമായ വ്യവസ്ഥിതിയാണ്. ഇതിൽ പങ്കെടുത്തുകൊണ്ട് മനുഷ്യൻ തന്റെയുള്ളിൽ മാറ്റങ്ങളനുഭവിക്കുന്നു. സോളമൻ ഐലന്റിൽ ഒരു നവഅഹ്മദിയുണ്ട്. അദ്ദേഹവും വസിയ്യത്ത് ചെയ്തു. ഇങ്ങനെ പുതിയതായി വരുന്നവർ ആത്മാർത്ഥതയിലും കൂറിലും വളരുന്നതുപോലെ– ഇൻശാഅല്ലാഹ് അവർ വളരും– ഇവരെ കണ്ടുകൊണ്ട് ഇവർ പഴയ അഹ്മദികളെ പിന്തള്ളിക്കളയുമോ എന്ന ചിന്ത നിങ്ങൾക്കും ഉണ്ടാകണം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പിന്നീട് നിസ്കാരത്തിലും തഹജ്ജുദിലും ദുആ ചെയ്യുന്നതിനെക്കുറിച്ചും സൂഫീ സാഹിബിന് എഴുതുകയുണ്ടായി. സ്വന്തമായും ലോകത്തിന് സത്യം തിരിച്ചറിയാൻ ഭാഗ്യം കിട്ടുന്നതിനും വേണ്ടി ദുആ ചെയ്യാനും പറഞ്ഞു. ഏതെങ്കിലും സത്യാത്മാവിന് സന്ദേശം എത്തുകയോ അവർ തന്നെ തിരിച്ചറിയുകയും ചെയ്താൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരുപാട് സന്തോഷിക്കുമായിരുന്നു. അത് കത്തിലെ ഈ വരികളിലൂടെ പ്രകടമാകുന്നുണ്ട്. ഹസ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് എഴുതുന്നു. "ഹസ്റത്ത് മസീഹ് മൗഊദ്(അ) അങ്ങയുടെ ആത്മാർത്ഥതയും സ്നേഹവും ദൈവദത്തമായ കഴിവും കണ്ട് ഒരുപാട് സന്തോഷിച്ചു. അങ്ങേയ്ക്കുവേണ്ടി ദുആ ചെയ്തു. അല്ലാഹു താങ്കൾക്ക് ആത്മീയവും ഭൗതികവുമായ അനുഗ്രഹം നല്കുമാറാകട്ടെ. താങ്കളുടെ സന്മാർഗ്ഗവും പ്രബോധനവും ഒരുപാടാളുകൾക്ക് പ്രയോജനം ചെയ്യുമാറാകട്ടെ. ഒരുസംഘമാളുകളുടെ ഹൃദയങ്ങളെ താങ്കൾ മുഖേന ഈ ജമാഅത്തിലേക്ക് തിരിക്കട്ടെ. ആമീൻ."

ഈ കത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) സത്യസന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ രംഗത്തും ഓരോ അഹ്മദിയും വ്യക്തമായ പരിപാടിയിട്ടുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. ഇന്ന് ലോകത്തിന്റെ അവസ്ഥ നമ്മോട് വിളിച്ചുപറയുന്നതും അവർക്ക് ശരിയായ മാർഗ്ഗം പറഞ്ഞുകൊടുക്കുക എന്നാണ്. ആത്മീയമായ മഴയും അനുഗ്രഹവും ആത്മീയജലത്തിന്റെ ഈ ഒഴുക്കും അല്ലാഹു നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ട് ഇതുമുഖേന മറ്റുള്ളവർക്കും ഗുണമെത്തിക്കുക. ഈ ജൽസയുടെ ചില ദിനങ്ങൾ അല്ലാഹു നിങ്ങൾക്ക് നല്കിയിട്ടുള്ളത് ആത്മപരിശോധന നടത്താൻ വേണ്ടിയിട്ടാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകൾ നിങ്ങൾ മുന്നിൽ വെക്കുക. നിങ്ങളുടെ ഹൃദയത്തിൽ ആത്മീയമായ വിപ്ലവമുണ്ടാക്കുക. നിങ്ങൾ നിങ്ങളേയും നിങ്ങളുടെ മക്കളേയും കാലത്തിന്റെ വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് സുരക്ഷിതമാക്കിവെക്കുക. പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുക. പിന്നീട് സ്ഥിരസ്വഭാവത്തോടെ അത് ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. നിങ്ങളുടെ തബ്ലീഗും വിജയം കണ്ടെത്തുന്നത് നിങ്ങളിൽ മാറ്റമുണ്ടാകുമ്പോഴാണ്. അല്ലാഹു ഈ ദിനങ്ങളിൽ നിങ്ങൾക്കെല്ലാവർക്കും ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തായി നിസ്കരിക്കാനുള്ള അവസരം കിട്ടുമ്പോൾ അതിലും കൃത്യനിഷ്ഠ പാലിക്കാൻ ഭാഗ്യം നല്കുമാറാകട്ടെ. ഈ ജൽസ എല്ലാവിധത്തിലും ആത്മീയാഭിവൃദ്ധിക്ക് കാരണമായിത്തീരട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 14.4.2006 at Sidney, Austrelia

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala